## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3071** 07.11.2019 -ൽ മറുപടിയ്ക്ക്

### പാഠ്യപദ്ധതി പരിഷ്കരണം

ചോദ്യം

മറുപടി

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ. ആർ. രാമചന്ദ്രൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.എൽദോ എബ്രഹാം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തയ്യാറാകുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഏതൊക്കെ മേഖലകളിലൂന്നിയാണ് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതെന്നത് സംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാട് വ്യക്തമാക്കാമോ; | ബി) | പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള സമീപനരേഖ എസ്.സി.ഇആർ.ടി. തയ്യാറാക്കി വരുന്നു. ഇത് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമാക്കിയാണ് സർക്കാർ നടപ്പാക്കുന്നത് . സമീപന രേഖ പൂർത്തിയാകുമ്പോൾ മാത്രമേ ഊന്നൽ മേഖലകളെ ക്കുറിച്ച് പ്രതിപാദിക്കാൻ കഴിയൂ. |
| സി) | ഭാവിയിൽ സക്രീയമായി ഇടപെടുത്തക്ക തരത്തിൽ അറിവും ശേഷിയും ഉണ്ടാക്കി നല്കുന്നതിന് നമ്മുടെ അദ്ധ്യാപക സമൂഹത്തെ പരിവർത്തനപ്പെടുത്തുമോ; | സി) | അദ്ധ്യാപക സമൂഹത്തെ ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാലാനുസൃതമായ ഇൻസർവ്വീസ് പരിശീലനം എല്ലാമേഖലയിലെയും അദ്ധ്യാപകർക്ക് ലഭ്യമാക്കി. മികച്ചഅദ്ധ്യാപകരെ രൂപപ്പെടുത്തുന്നതിന് ഡി.എൽ. എഡ് പാഠ്യപദ്ധതി പരിഷ്കരിച്ചു നടപ്പാക്കി. ഹയർസെക്കന്ററി മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സവിശേഷമായ രീതിയിൽ അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നു വരുന്നു. കൂടാതെ എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി 'ഓൺലൈൻ കോഴ്സ് നടത്തുന്നതിനുള്ള നടപടികൾസ്വീകരിച്ചു വരുന്നു. |

(…2)

അദ്ധ്യാപക പരിപോഷണ പരിപാടികൾ കാലാനുസൃതമായും കാലോചിതമായും പരിഷ്കരിച്ചു നടപ്പാക്കി, അദ്ധ്യാപക സമൂഹത്തെ പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടികൾ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായി നടത്തി വരുന്നു.

ഡി) ഗവേഷണ മേഖലയും സാമൂഹ്യ ചലനങ്ങളെയും സൂക്ഷമമായി നിരീക്ഷിച്ചുകൊണ്ട് ഭാവികാലത്തെ മുൻകൂട്ടിക്കണ്ട് കരുത്തുറ്റ ഒരു വിദ്യാഭ്യാസ സംവിധാനമാക്കി ത്തീർക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഡി) സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഭാവിയുടെ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്ന വിദ്യാഭ്യാസ ക്രമം കെട്ടിപ്പടുക്കാൻ ഉദ്ദേശിക്കുന്നു. വിവരങ്ങൾ പകർന്നുനൽകുന്ന പഠനത്തിൽ നിന്ന് അന്വേഷണത്തിലൂടെയും അപഗ്രഥനത്തിലൂടെയും അറിവു നിർമിക്കുന്ന തരത്തിലേക്ക് പഠനം മാറേണ്ടതുണ്ട് , ഇതിനായി പാഠ്യപദ്ധതിയിലെ ഉള്ളടക്കം ക്രമീകരിക്കുകയും വിലയിരുത്തൽ സമ്പ്രദായം അടിമുടി മാറ്റുകയും ചെയ്യണം. ദേശീയ പാഠ്യപദ്ധതിയോട് സമരസപ്പെടുന്ന രീതിയിലും ഇത് നിർവഹിക്കപ്പെടേണ്ടതുണ്ട്. എല്ലാ വിഭാഗത്തിലുംപെട്ട വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന തരത്തിൽ പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ ആവശ്യമാണ്.ഇതിനായുള്ള മുന്നൊരുക്കങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ